AK-2-SS101(M)

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## സാമൂഹ്യശാസ്ത്രം (സ്റ്റാൻഡേർഡ് X)

## ഉത്തരസൂചിക -1




TVM EDL D

1.

- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിപ്പിക്കണം
- കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യസൗകര്യങ്ങളും കോളനിക്കാർ നൽകണം
- കോളനികളിലേക്ക് ഇറക്കുമതിചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം

2

- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു
- ഫെഡറൽ രാഷ്ട്രം എന്ന ആശയം

3 .

ഒന്നാമത്തെ എസ്റ്റേറ്റ്

- പുരോഹിതന്മാർ
- ധാരാളം ഭൂപ്രദേശം കൈവശം വച്ചു
- കർഷകരിൽനിന്ന് ' തിഥെ'എന്ന പേരിലുള്ള നികുതി പിരിച്ചു

രണ്ടാമത്തെ എസ്റ്റേറ്റ്

- പ്രഭുക്കന്മാർ
- സൈനിക സേവനം നടത്തി
- കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു

മൂന്നാമത്തെ എസ്റ്റേറ്റ്

- മധ്യവർഗം
- താഴ്ന്ന സാമൂഹിക പദവി
- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം

4.

അമേരിക്കൻ സ്വാതന്ത്ര്യ സമരം

2 ജോൺ ലോക്ക്

3 തോമസ് പെയിൻ

ഫ്രഞ്ച് വിപ്ലവം

2 റൂസ്സോ

3 മൊണ്ടസ്ക്യൂ

TVM EDL DIST

5

- പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥിതിക്ക് അന്ത്യം കുറിച്ചു
- രാജ്യമെന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് ' എന്ന് പ്രഖ്യാപിച്ചു
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി
- ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു

6.

- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു
- ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമ്മിച്ചു
- പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണമേർപ്പെടുത്തി
- സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു

7.

A ഫ്രാൻസിസ്കോ മിരാൻഡ

B സൈമൺ ബൊളിവർ

C ജോസേഡി സാൻ മാർട്ടിൻ

8.

കാരണങ്ങൾ:

- റഷ്യയിലെ കാർഷിക മേഖലയിലെ കുറഞ്ഞ ഉൽപ്പാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു
- ഭൂരഹിതരായ കർഷകർ നികുതി ഭാരവും വഹിക്കേണ്ടി വന്നു
- പ്രകൃതി വിഭവങ്ങൾ കൊണ്ട് സമ്പന്നമായിരുന്നുവെങ്കിലും റഷ്യയുടെ വ്യവസായികോൽപ്പാദനം തുച്ഛമായിരുന്നു

TVM EDL DIST

ഫലങ്ങൾ:

- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
- 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു
- സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി

9.

1 മാവോ സെ തുംഗ്

2 കമിന്താങ്

3 1900

4 1799

5 ജോർജ് വാഷിംഗ്ടൺ

6 ജെയിംസ് മാഡിസൺ

10.

| എ | ബി |
|---|---|
| **പാരിസ് ഉടമ്പടി** | **1783** |
| **ലോങ്മാർച്ച്** | **1934** |
| **ചൈനീസ് വിപ്ലവം** | **1911** |
| **റഷ്യൻ വിപ്ലവം** | **1917** |
| **റഷ്യ-ജപ്പാൻ യുദ്ധം** | **1905** |

TVM EDL DIST